Unit Copy

AKPCTA

# kerala private college teacher

No. 80

July, '88

# മഹാത്മാഗാന്ധി യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ ഇവരെ വിജയിപ്പിക്കുക

237 പ്രൊഫ. കെ. എൻ. ജോസ്
സെൻറ് സ്റ്റീഫൻസ് കോളേജ്
ഉഴവൂർ

477 പ്രൊഫ. കെ. എൻ. നാണപ്പൻ പിള്ള
എസ്. എൻ. എം. കോളേജ്,
മാലിയങ്കര

637 പ്രൊഫ. റ്റി. എം. തോമസ്
നിർമ്മല കോളേജ്,
മൂവാററുപുഴ

1034 പ്രൊഫ: കെ. കെ. ഗോപാല കൃഷ്ണപിള്ള
എൻ. എസ്. എസ്. ഹിന്ദുകോളേജ്,
ചങ്ങനാശേരി

1067 പ്രൊഫ: ജോൺ ഫിലിപ്പ്
സെൻറ് തോമസ് കോളേജ്
കോഴഞ്ചേരി

1974 പ്രൊഫ: റ്റി. ജോർജ് സെബാസ്ററ്യൻ
കെ. ഇ. കോളേജ്,
മാന്നാനം

2246 പ്രൊഫ: തോമസ് പി. വർഗീസ്
കൊച്ചിൻ കോളേജ്,
കൊച്ചിൻ

2837 പ്രൊഫ: എൻ വാസുദേവൻ നായർ
എസ്. എസ്. കോളേജ്
കാലടി

3029 പ്രൊഫ: എം. എ. ജോൺ
സെൻറ് ആൽബർട്സ് കോളേജ്,
എറണാകുളം

3167 ഡോ: എം. സി. ചാക്കോ
സി. എം. എസ്. കോളേജ്
കോട്ടയം

3629 പ്രൊഫ: പി. ജി. ചന്ദ്രശേഖരൻ നായർ
ഡി ബി. പമ്പ കോളേജ്
പരുമല, മാന്നാർ

3775 പ്രൊഫ: വി ഐ. ജോർജ്
ഭാരതമാതാ കോളേജ്
തൃക്കാക്കര

---

# *കോഴിക്കോട് യൂണിവേഴ്സിററി രജിസ്ടേഡ് ഗ്രാജേററ് മണ്ഡലത്തിൽ ഡോ. ധർമ്മരാജ് അടാട്ട് സ്ഥാനാർത്ഥി*

സുഹൃത്തുക്കളെ,

കോഴിക്കോട് യൂണിവേഴ്സിററി സെനററിലേക്ക് രജിസ്ടേഡ് ഗ്രാജേററ് മണ്ഡലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ യുടെ സ്ഥാനാർത്ഥി ഡോ: ധർമ്മരാജ് അടാട്ടാണ്. നമ്മുടെ സംഘടനയിലെ സജീവ പ്രവർത്തകനായ ഡോ: അടാട്ട് മാവേലിക്കര ബിഷപ്പ് മൂർ കോളേജിലെ സംസ്കൃത വിഭാഗം അധ്യാപകനാണ്. മികച്ച വാഗ്മിയും സാഹിത്യകാരനുമായ ഇദ്ദേഹത്തിന്റെ വിജയം ഉറപ്പുവരുത്തുന്നതിനായി എ. കെ. പി. സി. ടി. യുടെ മുഴുവൻ പ്രവർത്തകരും രംഗത്തിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,,

**പി. നരേന്ദ്രൻ**
ജന: സെക്രട്ടറി

# കിരാതനിയമ നിർമ്മാണം ഉപേക്ഷിക്കുക

1979-ലും പിന്നീട് 1982-ലും അദ്ധ്യാപക സമൂഹമടക്കമുള്ള, പണിയെടുത്ത് ഉപജീവനം കഴിക്കുന്ന മുഴുവൻ ജന വിഭാഗങ്ങളും ഉയർത്തിയ പ്രതിഷേധ കൊടുങ്കാററിൽ പറന്നുപോയ കിരാത നിയമങ്ങളുടെ കരിംകാറുകൾ വീണ്ടും ചക്രവാളത്തിൽ ഉയർന്നുകഴിഞ്ഞിരിക്കുന്നു. ഇക്കഴിഞ്ഞ ഏപ്രിൽ 28 ന് രാജ്യസഭ പാസാക്കിയതും ലോകസഭയുടെ പരിഗണനക്ക് അയച്ചിരിക്കുന്നതുമായ 'ഹോസ്പിററൽ ആൻഡ് അദർ ഇൻസ്ററിററ്യൂഷൻസ് ബിൽ' ആണ് സംഘടനാസ്വാതന്ത്ര്യത്തിനും കൂട്ടായ വിലപേശലിനും എതിരെ ഏററവും ഒടുവിൽ ഉയർന്നിരിക്കുന്ന ഭീഷണി. സാധാരണ ഗതിയിൽ ഒരു നിയമനിർമ്മാണത്തിന് അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാൻപോലും കേന്ദ്രസർക്കാർ തയ്യാറായില്ല എന്നത് ഈ നിയമനിർമ്മാണത്തിൽ ഭരണാധികാരികൾക്കുള്ള വ്യഗ്രതയാണ് വ്യക്തമാക്കുന്നത്.

കുപ്രസിദ്ധമായ ഈ ബിൽ വീണ്ടും നിയമമാക്കാനുള്ള കേന്ദ്ര സർക്കാരിൻെറ നീക്കത്തിന് പ്രേരകമായത് ബാംഗ്ളൂർ വാട്ടർ വർക്സ് ജീവനക്കാരുടെ തൊഴിൽ തർക്കത്തിൽ പരമാധികാര നീതിപീഠമായ സുപ്രീം കോടതി പ്രഖ്യാപിച്ച സുപ്രധാന വിധിയാണ്. ചരിത്രപ്രധാനമായ ആ വിധിയെ മറികടക്കാനുള്ള അവിശുദ്ധ വ്യഗ്രതയാണ് ഈ ബില്ലവതരണത്തിലൂടെ കേന്ദ്ര സർക്കാർ കാണിച്ചിരിക്കുന്നത്. പ്രസിദ്ധമായ "ഷാബാനു" കേസിലുണ്ടായ സുപ്രീംകോടതി വിധിയെ മറികടക്കാനും മത മൗലികവാദികളെ തൃപ്തിപ്പെടുത്താനും വേണ്ടി കുപ്രസിദ്ധമായ Muslim Women(Protection of Rights on Divorce) Bill പാസാക്കിയെടുക്കാൻ തയ്യാറായ അതേ കാരണം.

സുപ്രീം കോടതി വിധി വ്യവസായത്തിൻെറ നിർവ്വചനം കൂടുതൽ വിപുലമാക്കി. മനുഷ്യൻെറ ആവശ്യങ്ങളേയോ ആഗ്രഹങ്ങളേയോ തൃപ്തിപ്പെടുത്താൻ ഉൽപന്നങ്ങളുടേയോ സേവനങ്ങളുടേയോ ഉൽപാദനം, വിതരണം എന്നിവക്കുവേണ്ടി തൊഴിലുടമയും തൊഴിലാളികളും കൂടി ചേർന്ന് നടത്തുന്ന പ്രവർത്തനം വ്യവസായത്തിൻെറ നിർവ്വചനത്തിൽ പെടുമെന്നാണ് കോടതിവിധി. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ലാഭേച്ഛയോടെയാണോ അല്ലയോ എന്നത് പ്രസക്തമല്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഈ വിധിമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കലാശാലകൾ, സ്കൂളുകൾ, സഹകരണ ഗവേഷണ സ്ഥാപനങ്ങൾ എന്നിവ വ്യവസായത്തിൻെറ നിർവചനത്തിൻെറ പരിധിയിൽ പെടുന്നവയായി തീർന്നു. അതോടുകൂടി ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ വ്യവസായ തർക്ക നിയമത്തിൻെറ (Industrial Disputes Act–1947) പരിരക്ഷ ലഭിക്കാൻ അർഹരായി തീരുകയും ചെയ്തു.

മതമൗലിക വാദികൾക്കും വർഗ്ഗീയ ശക്തികൾക്കും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്നും നിലനിൽക്കുന്ന സ്വാധീനം ഗണ്യമാണ്. ആ ശക്തികളെ നിയന്ത്രിക്കാനുള്ള പുരോഗമന ശക്തികളുടെ പ്രവർത്തനം ഇന്നും പൂർണ്ണമായി വിജയിച്ചുകഴിഞ്ഞിട്ടില്ല. പുരോഗമന സ്വഭാവമുള്ള നിയമ നിർമ്മാണങ്ങളെയെല്ലാം ചെറുത്ത് പരാജയപ്പെടുത്താനുള്ള അവരുടെ കഴിവ് കുറച്ചു കാണുന്നത് അപകടകരമാണ്. ഈ പ്രതിലോമശക്തികളെ പ്രീണിപ്പിക്കാൻ മാത്രമാണ് കേന്ദ്ര സർക്കാർ ഈ കിരാത നിയമനിർമ്മാണത്തിന് തുനിഞ്ഞിറങ്ങിയിരിക്കുന്നത്.

ഭാരതത്തിലെ ഇരുന്നൂറുലക്ഷത്തിലധികം അദ്ധ്യാപകരെ മററിതര വിഭാഗം ജീവനക്കാരോടൊപ്പം പ്രതികൂലമായി ബാധിക്കുന്ന ഈ കരിനിയമത്തിന് നാമകരണം ചെയ്തപ്പോൾവിദ്യാഭ്യാസ സ്ഥാപനങ്ങളെ "അദർ ഇൻസ്റ്റിററ്യൂഷൻ"സിൻെറ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്. ആയിരക്കണക്കിന് ആളുകൾ പണിയെടുക്കുന്ന ശാസ്ത്ര ഗവേഷണസ്ഥാപനങ്ങളേയും ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഖാദിഗ്രാമവ്യവസായസ്ഥാപനങ്ങളേയും ഈ വിഭാഗത്തിലാണ് ബില്ലിൽ പെടുത്തിയിരിക്കുന്നത്. നിയമത്തിൻെറ ഉദ്ദേശം വളരെ വ്യക്തമാണ്. തൊഴിലാളിവർഗ്ഗത്തിൻെറ, പണിയെടുത്ത് ഉപജീവനം കഴിക്കുന്ന ജനവിഭാഗത്തിൻെറ സംഘടിത ശക്തിയെ തകർക്കുക.കൂട്ടായ വിലപേശലിനുള്ള അവകാശം നിഷേധിക്കുക.

അദ്ധ്യാപകരുൾപെടെ പണിയെടുത്ത് ഉപജീവനം കഴിക്കുന്ന എല്ലാ വിഭാഗങ്ങളുടേയും സംഘടനാ സ്വാതന്ത്ര്യത്തേയും കൂട്ടായ വിലപേശലിനുള്ള അവകാശങ്ങളെയും ഞെരിച്ചു നശിപ്പിക്കാൻ വേണ്ടി പടച്ചു വിട്ട നിരവധി നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. അതുകൊണ്ടൊന്നും തൃപ്തിവരാതെ ഈ പുതിയ നിയമ നിർമ്മാണത്തിന് തുനിഞ്ഞിരിക്കുന്നത് വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചും ഉന്നത വദ്യാഭ്യാസരംഗത്ത് സംഘടിതപ്രസ്ഥാനങ്ങളെ പിളർത്തി തളർത്താൻ വേണ്ടി മാത്രമാണ്.

ബിൽ തർക്കങ്ങളെ രണ്ടുതരത്തിൽവിഭജിച്ചിരിക്കുന്നു. വ്യക്തി പരമായ തർക്കങ്ങൾ,കൂട്ടായ തർക്കങ്ങൾ. പിരിച്ചുവിടൽ;സസ്പെൻഷൻ തുടങ്ങിയവ വ്യക്തിപരമാണെന്നാണ് ബിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്തരം വ്യക്തിപരമായ പ്രശ്നങ്ങൾ അസോസിയേഷനുകളുടേയും യൂണിയനുകളുടേയും പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയാണ്.

അമ്മാതിരി പ്രശ്നങ്ങൾ പരിഹരിക്കാൻ മൂന്നുതട്ടുകളോടു കൂടിയ ഒരു സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. 1) ഗ്രിവൻസ്റി ഡ്രസ്സൽ അതോറിററി 2) അപ്പലററ് അതോറിററി 3) ഏകാംഗട്രിബ്യൂണൽ.

ആദ്യത്തെ രണ്ടുതട്ടുകളും മാനേജ്മെൻെറാ മാനേജ്മെൻറ് നോമിനേററ് ചെയ്യുന്ന ഉദ്യോഗസ്ഥരോ ആയിരിക്കും. ഇതിനർത്ഥം ഒരു ജീവനക്കാരനുള്ള പരാതികേട്ട് തീരുമാനിക്കുക ആ പരാതിക്ക് ഇടയാക്കിയ മാനേജ്മെൻറിൻെറ വിശ്വസ്തനായിരിക്കും എന്നതാണ്. ചുരുക്കത്തിൽ സ്വകാര്യ മാനേജ്മെൻറുകൾക്ക് ഏതൊരു ജീവനക്കാരനേയും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം അതിനെതിരെ സംഘടിത പ്രസ്ഥാനങ്ങൾ സമരംചെയ്യാൻ പാടില്ല. സമരം ചെയ്താൽ, വേണ്ട പ്രതിഷേധിച്ചാൽപോലും. അത് ഗുരുതരമായ കുററമാണ്. സമരത്തിന് പ്രേരിപ്പിക്കുക എന്നത് അതിലും വലിയ കററം. സ്വകാര്യമാനേജ്മെൻറുകൾക്ക് അമിതാധികാരം നൽകുന്ന ഈ നിയമം പാസ്സായാൽസംഘടിതപ്രസ്ഥാനങ്ങൾഇന്നോളം സുദീർഘങ്ങളായ സമരങ്ങളിലൂടെ നേടിയെടുത്തതെല്ലാം– നിയമാധിഷ്ടിത സേവനവ്യവസ്ഥകളുൾപ്പടെയുള്ള വ...ഒററയടിക്ക് ഇല്ലാതാകുന്നതാണ്. ഇതെല്ലാംകാഴ്ചക്കാരെപ്പോലെ നോക്കി

# സർവ്വകലാശാലാ നിയമങ്ങളിലെ 64,68 വകുപ്പുകൾ സാധു—ഹൈക്കോടതി

സംസ്ഥാനത്തെ കോർപ്പറേറ്റ് മാനേജ്മെൻറുകൾ ദശാബ്ദങ്ങളായി, മാനദണ്ഡങ്ങളേതുമില്ലാതെ, മനുഷ്യത്വ രഹിതമായി നടത്തിക്കൊണ്ടിരുന്ന അദ്ധ്യാപക സ്ഥലം മാറ്റങ്ങൾക്ക് പൂർണ്ണ വിരാമമിട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. അന്തർ സർവകലാശാലാ സ്ഥലം മാറ്റങ്ങൾ അവസാനിപ്പിക്കുന്നതിന് വ്യവസ്ഥചെയ്യുന്ന കേരള/കാലിക്കറ്റ്/മഹാത്മാഗാന്ധി സർവകലാശാലാ നിയമങ്ങളിലെ 64, 68 വകുപ്പുകളുടെ സാധുതയെ ചോദ്യം ചെയ്തു സമർപ്പിക്കപ്പെട്ട റിട്ട്പെറ്റീഷനുകൾ തള്ളിക്കളഞ്ഞു കൊണ്ട് ബഹു. ജസ്റ്റീസ്. വർഗ്ഗീസ് കള്ളിയത്ത് പ്രസ്തുത വകുപ്പുകൾ സാധുവായി പ്രഖ്യാപിച്ചു.

പ്രസ്തുത വകുപ്പുകൾ ഭരണഘടനാവിരുദ്ധവും വിവേചന പരവുമാണെന്ന വാദത്തിൽ കഴമ്പില്ലെന്ന് ബഹു: ജസ്റ്റീസ് വിധിച്ചു. ഈ വകുപ്പുകൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾ രണ്ടുമാസത്തിനകം പൂർത്തിയാക്കണമെന്നും വിധി ന്യായത്തിൽ ഉത്തരവായിട്ടുണ്ട്.

എ. കെ. പി. സി. ടി. എ ഇക്കാലമത്രയും നടത്തിക്കൊണ്ടിരുന്ന പോരാട്ടം സഫലമായിരിക്കുന്നു. സംഘടനയുടെ സംഭവ ബഹുലവും സംഘർഷ പൂർണവുമായ ചരിത്രത്തിലെ ഒരു അവിസ്മരണീയമായ അദ്ധ്യായത്തിന്റെ പര്യവസാനമാകും ഇതെന്ന് പ്രതീക്ഷിക്കാം.

---

നിൽക്കാൻ നമുക്കാവില്ല. ഈ കിരാത നിയമനിർമ്മാണത്തെ ചെറുത്തു തോൽപ്പിക്കാൻ നാം പ്രതിജ്ഞാ ബദ്ധരാണ്. ഇത് നമ്മുടെ നിലനിൽപ്പിന്റെ തന്നെ പ്രശ്നമാണ്. ഇതിൽ നമുക്ക് അലംഭാവം പൂണ്ടിരിക്കാൻ കഴിയില്ല

ശ്രീ രാജീവ് ഗാന്ധി ഗവൺമെന്റിന്റെ ഗൂഢോദ്ദേശം മനസിലാക്കി അതിനനുസൃതമായി ഉന്നത വിദ്യാഭ്യാസമേഖലയിലും ചില നീക്കങ്ങളാരംഭിച്ചിട്ടുണ്ട്. കലാശാലകളെ സർവ്വകലാശാലകളിൽ നിന്നും വേർപെടുത്തുക, ഓട്ടോണമസ് കോളേജ് സൃഷ്ടിക്കുക, പല കോളേജുകളും അടച്ചുപൂട്ടുക, പടിപടിയായി ഉന്നത വിദ്യാഭ്യാസമേഖലകളെ തന്നെ സ്വകാര്യ ഏജൻസികൾക്ക് അടിയറ വെക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ വച്ചുകൊണ്ട് യു.ജി.സി. ഒരു പരിപാടി തയ്യാറാക്കിയിരിക്കുന്നു. ഇതിന്റെ കൈകാര്യകർതൃത്വത്തിനായി ഒരു അ "ക്രഡിറേഷൻ ആൻറ് അസ്സസ്സ്മെൻറ് കൗൺസിൽ" രൂപീകരിക്കാൻപോകുന്നു. ഇതുനടപ്പിലായാൽ ആയിരക്കണക്കിന് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും തൊഴിലില്ലാതാകുമെന്നതിനുപരി വർഷങ്ങളായി സ്വതന്ത്രമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ വൻകിട വ്യാവസായികളുടെയും ബഹുരാഷ്ട്ര കുത്തകകളുടേയും ആവശ്യാർത്ഥം 'പേർസനൽസ്'നെ ഉത്പ്പാദിപ്പിക്കുന്ന ശാലകളായി മാറുകയായിരിക്കും ഫലം.

ഭാരതത്തിലെമ്പാടുമുള്ള സർവ്വീസ് ട്രേഡ് യൂണിയനുകളുടെ വിശാലമായ ഐക്യത്തിലൂടെയാണ് 1932-ൽ ശ്രീമതി ഗാന്ധി അവതരിപ്പിച്ച ബിൽ പിൻവലിപ്പിക്കാൻ നമുക്ക് കഴിഞ്ഞത്. കേന്ദ്ര സർക്കാരിന്റെ അമിതാധികാര വാഞ്ഛയും ശ്രീ രാജീവ് ഗാന്ധിയുടെ നിലനിൽപിന് സഹായകമായി നിൽക്കുന്ന വർഗ്ഗീയ വിഭാഗീയ താത്പര്യങ്ങളേയും വിദ്യാഭ്യാസ കുത്തകകളെയും പ്രീതിപ്പെടുത്താനുള്ള ഈ കാൽവെയ്പും അധ്യാപകരുൾപ്പെടെയുള്ള തൊഴിലാളിവിഭാഗത്തിന്റെ താത്പര്യങ്ങൾക്കെതിരാണ്. ഈ ബില്ലിനെതിരെ ആഞ്ഞടിച്ചുയരുന്ന ബഹുജനമുന്നേറ്റത്തിൽ നാമും പങ്കാളികളായേ മതിയാകൂ. അധ്യാപകരേ മുന്നോട്ട്.

# മഹാത്മാഗാന്ധി സർവ്വകലാശാലാ സെനററ് തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക.

സുഹൃത്തേ,

മഹാത്മാഗാന്ധി സർവ്വകലാശാലാ സെനററ് തെരഞ്ഞെടുപ്പ് ആഗസ്ററ് ഒന്നിന് നടക്കുകയാണല്ലോ? നമ്മെ സംബന്ധിച്ചടത്തോളം നമ്മുടെ സംഘടനയുടെ കരുത്ത് ഒരിക്കൽകൂടി തെളിയിക്കാനുള്ള ഒരു സന്ദർഭമാണ് ഈ തെരഞ്ഞെടുപ്പ്. കഴിഞ്ഞ വർഷം നടന്ന അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ ഇരുപതിൽ പതിന്നാലു സ്ഥാനങ്ങൾ നേടാൻ നമുക്ക് കഴിഞ്ഞു. പ്രധാനപ്പെട്ട വിഷയങ്ങളിലെല്ലാം നമ്മളാണ് വിജയിച്ചത്. മഹത്തായ ആ വിജയം ഒരിക്കൽകൂടി ആവർത്തിക്കാനാവശ്യമായ പ്രവർത്തനത്തിൽ എല്ലാ കോളേജ് അധ്യാപകരും ഏർപ്പെടണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ മൂന്നു പതിററാണ്ടുകളായി സ്വകാര്യ കോളേജധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള അവിശ്രമമായ പ്രവർത്തനങ്ങളിൽ എ കെ പി സി ടി എ മാത്രമാണ് ഏർപ്പെട്ടിരിക്കുന്നത്. ഈ സംഘടനയുടെ കൊടിക്കീഴിൽ അണിനിരന്നാണ് നിയമാധിഷ്ഠിത സേവന ഭദ്രതയും, സർക്കാരിൽനിന്ന് നേരിട്ട് ശമ്പളവും, റിട്ടയർമെൻറ് ആനുകൂല്യങ്ങളും നാം നേടിയെടുത്തത്. ഇതിനുവേണ്ടി നാം നടത്തിയ പോരാട്ടങ്ങൾ നിരവധിയാണ്. ആ ത്യാഗോജ്വലസമരങ്ങൾ നമുക്ക് ഇന്നും ആവേശം പകരുന്നു.

സംഘടിത ശക്തിയിലൂടെ നാം നേടിയെടുത്ത "ജനാധിപത്യവത്ക്കരിക്കപ്പെട്ട സ്വയംഭരണം" എന്ന തത്വം മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽ നമുക്ക് കൈമോശം വന്നിരിക്കുന്നു. പുത്തൻ വിദ്യാഭ്യാസ നയത്തിൻെറ തണലിൽ യു. ജി. സി. അധ്യാപക സമൂഹത്തിൻെറ അവകാശങ്ങൾ നിഹനിക്കാനുള്ള പുറപ്പാടിലാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽ നമുക്ക് നഷ്ടപ്പെട്ട ഈ അവകാശം പുനഃസ്ഥാപിച്ചു കിട്ടിയേ മതിയാവൂ. നമ്മുടെ സേവനവ്യവസ്ഥകൾ സംബന്ധിച്ച സ്ററാററ്യൂട്ടുകളും ഓർഡിനൻസുകളും റെഗുലേഷനുകളും നിർമ്മിക്കാനുള്ള അവകാശം തെരഞ്ഞെടുക്കപ്പെട്ട അധ്യാപക പ്രതിനിധികൾ ഉൾക്കൊള്ളുന്ന സമിതികളിലായിരിക്കണം നിക്ഷിപ്തമായിരിക്കേണ്ടത്. അല്ലാതെ നോമിനേററ് ചെയ്യപ്പെടുന്ന ദന്തഗോപുരവാസികളായ അക്കാദമിഷ്യൻമാരുടെയും ബ്യൂറോക്രാററുകളുടെയും കൈകളിലായിരിക്കരുത്. ആ നിലക്ക് പരിമിതമായ അവകാശങ്ങൾ മാത്രമുള്ളതെങ്കിലും മഹാത്മാഗാന്ധി സർവ്വകലാശാലാ സെനററിൻെറ വേദി നമ്മുടെ പോരാട്ടത്തിൻെറ വേദിയാക്കി മാററിയെടുക്കേണ്ടതുണ്ട്.

പ്രീഡിഗ്രി ബോർഡ് സമരകാലത്ത് കേവലം അധരവ്യായാമം മാത്രം നടത്തി നടന്നവരും അന്നത്തെ ജനരോഷത്തിനെതിരേ നിലകൊണ്ടവരും, കുപ്രസിദ്ധനിലപാട് കൈക്കൊണ്ടവരും ഇന്ന് എ കെ പി സി ടി എ ക്ക് എതിരായി ഒത്തുചേർന്നിരിക്കയാണ്. ഐക്യപ്രസ്ഥാനങ്ങളെ തള്ളിപ്പറഞ്ഞു നടന്നിരുന്ന ഇക്കൂട്ടർ സ്വാർത്ഥം നേടാൻ അതേവഴിതന്നെ കണ്ടെത്തിയിരിക്കുന്നു എന്നത് ചിരിക്കു വക നല്കുന്നു

അധ്യാപക ക്ഷേമതാത്പര്യം ഒന്നുമാത്രമാണ് സെനററ് തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ യുടെ സ്ഥാനാർത്ഥികൾ വാഗ്ദാനമായി മുന്നോട്ടു വെയ്ക്കുന്നത്. അധ്യാപക സമൂഹത്തിൻെറ പുരോയാനത്തിന് വിഘാതമായി നില്ക്കുന്ന വിരുദ്ധശക്തികളെ പരാജയപ്പെടുത്തി എ കെ പി സി ടി എ യുടെ എല്ലാ സ്ഥാനാർത്ഥികളെയും സെനററ് തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഓരോ അധ്യാപകനും ഏറെറടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു

അഭിവാദനങ്ങളോടെ

**വി. നാരായണൻ കുട്ടി.**
പ്രസിഡൻറ്,
എ. കെ. പി. സി. ടി. എ.

**പി. നരേന്ദ്രൻ**
ജനറൽ സെക്രട്ടറി
എ. കെ. പി. സി. ടി. എ

# ആദരാഞ്ജലികൾ

## ഡോ: കെ. കെ. മോഹൻദാസ്



ഡോക്ടർ മോഹൻദാസ് അന്തരിച്ചു. എ. കെ. പി. സി. ടി. എ. യുടെ ഒരു സജീവ പ്രവർത്തകനായിരുന്നു ശ്രീ മോഹൻദാസ്. നിലമേൽ എൻ. എസ്. എസ്. കോളേജ് എ. കെ. പി. സി. ടി. എ ബ്രാഞ്ച് സെക്രട്ടറിയായിരുന്ന കാലത്താണ് എൻ. എസ്. എസ്. മാനേജ്മെൻറ് അദ്ദേഹത്തെ വാഴൂർ കോളേജിലേക്ക് സ്ഥലം മാററി ദ്രോഹിച്ചത്. പല വർഷങ്ങൾ നെന്മാറ കോളേജിൽ ജോലി നോക്കിയ ശേഷമായിരുന്നു നിലമേൽക്ക് മാററം കിട്ടിയത്. അന്തർസർവ്വകലാശാലാ സ്ഥലം മാററങ്ങൾ നടത്തരുത് എന്ന് ബഹു: കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിക്കഴിഞ്ഞ ശേഷമാണ് അദ്ദേഹത്തെ വാഴൂർക്ക് സ്ഥലം മാററിയത്. ആ നടപടിക്കെതിരെ ഹൈക്കോടതിയിൽ ഇപ്പോഴും കേസ് നിലനിൽക്കുന്നു.

പ്രഗത്ഭനായ അദ്ധ്യാപകൻ എന്ന ഖ്യാതി വളരെ ചുരുങ്ങിയ കാലഘട്ടത്തിൽ തന്നെ അദ്ദേഹം നേടിയിരുന്നു. കലാലയാന്തരീക്ഷത്തിൽ നിറഞ്ഞുനിന്ന അദ്ദേഹം അദ്ധ്യാപക പ്രസ്ഥാനത്തിന് ഒരു വാഗ്ദാനം തന്നെയായിരുന്നു. ദമ്പതികളെ ഇണപിരിച്ച് ശിക്ഷിക്കുക എന്ന ദുഷ്ട ചിന്തയുടെ ഒരു രക്തസാക്ഷിയാണ് ഡോക്ടർ മോഹൻദാസ്. തന്റെ കുടുംബത്തെ വാരാന്ത്യത്തിലെങ്കിലും ഒന്നു കാണാൻ വേണ്ടി യാത്ര തിരിച്ച അദ്ദേഹം ദാരുണമായ പെരുമൺ തീവണ്ടി അപകടത്തിൽ (8-7-'88) പെട്ടാണ് മൃതി അടഞ്ഞത്.

നിലമേൽ എൻ. എസ്. എസ്. കോളേജ് അദ്ധ്യാപിക ശ്രീമതി ജയശ്രീയാണ് ഇദ്ദേഹത്തിന്റെ ഭാര്യ. ഇവർക്ക് ഒരു കുട്ടിയുണ്ട്.

ഡോക്ടർ മോഹൻദാസിന് എ. കെ. പി. സി. ടി. എ. യുടെ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ.

## പ്രൊഫ: കൃഷ്ണപിള്ള

പ്രൊഫ. എൻ. കൃഷ്ണപിള്ള നിര്യാതനായി. മലയാള സാഹിത്യ വേദിയിൽ നിന്ന് ഒരതികായൻ കൂടി തിരോഭവിച്ചു. ഭാഷാ നാടക സാഹിത്യരംഗത്ത് സ്ഫോടനാത്മകമായ സ്പന്ദങ്ങൾ സൃഷ്ടിച്ചുകൊണ്ട് കടന്നുവന്ന കൃഷ്ണപിള്ള പ്രഗത്ഭമതിയായ അദ്ധ്യാപകനും, സൂക്ഷ്മദൃക്കായ സാഹിത്യ നിരൂപകനുമായി വളർന്നു. എന്നും പുരോഗമനാശയങ്ങളുടെ സഹയാത്രികനായിരുന്ന ഈ ബഹുമുഖ പ്രതിഭ എന്നെന്നേക്കുമായി നമ്മളിൽ നിന്നകലത്തിലായിരിക്കുന്നു. എ. കെ. പി. സി. ടി എ. ഈ മഹാനുഭാവന്റെ നിര്യാണത്തിൽ അനുശോചിക്കുകയും അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

# അക്രഡിറ്റേഷൻ ആൻറ് അസസ്സ്മെൻറ് കൗൺസിൽ

[സംഘടിക്കുവാനും പണിമുടക്കുവാനുമുള്ള അധ്യാപകരുടെയും ജീവനക്കാരുടെയും അവകാശങ്ങളെ കശാപ്പു ചെയ്യുന്ന കരിനിയമങ്ങൾ ഒന്നൊന്നായി കേന്ദ്രസർക്കാർ നടപ്പാക്കാൻ ശ്രമിക്കുകയാണ്. ഇതിനനുസൃതമായി, ഒരു ഫണ്ടിംഗ് ഏജൻസി മാത്രമായ യു. ജി. സി. ഇന്ത്യയിലെ യൂണിവേഴ്സിറ്റികളുടെ സ്വയംഭരണ സ്വഭാവം നശിപ്പിക്കുന്നതിനും കോളേജുകളെ ഓട്ടോണമസ് ആക്കി മാറ്റുന്നതിനും തീവ്രശ്രമം നടത്തുന്നു. ഇതിനായി ഒരു 'അക്രഡിറ്റേഷൻ ആൻറ് അസ്സസ്സ്മെൻറ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ രേഖ യു. ജി. സി. പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു.]

## SUMMARY OF THE REPORT ON ACCREDITATION & ASSESSMENT COUNCIL AS EXPOUNDED IN THE CONCEPT PAPER

Indian universities have failed to "give rise to a vital and self supporting intellectual life" because academic institutions have not been built around "the principle of intellectual autonomy". The main reason for this is the British legacy of "command-and-control management" which "entails a hierarchical notion of "acccuntability" and "top-down initiative". The situation in the colleges is worse "because of their subordination to affiliating universities".

Hence, "the Programme of Action of the National Education Policy, 1986 has called for the setting up of an autonomous (i. e., non - governmental) Council on Accreditation and Assessment". The Accreditation system necessitates autonomy of colleges while a "concrete measure of educational outcomes" will be the National Testing Services. This institutional autonomy and consequent acccreditation, with the National Testing Services serving as indices of effectiveness will rid education of the uniformity enforced by the (existing) bureaucratic system and make it responsive to "local circumstances".

Only institutions given accredition will be entitled for central Govt. funds - even in the case of specialised or professional institutions, institutional accreditation must precede professional accreditation. And, Institutions will have to become eligible within five years of the setting up of the Accreditation Council.

But, to become a candidate for accreditation (i e. membership of the Accreditation Council), the institution must satisfy several conditions called Requirements of Candidature which necessarily include autonomous status, financial stability and future viability, providing for a *4 year undergraduate programme* (wherein not less than one quarter of the course of work should relate to liberal or general studies), being socially responsible and showing concern for "basic values and the spirit as well as letter of legal requirements". Accreditation can be withdrawn if these preconditions are not maintained in the future.

Any central institution will be closed down if it fails to "win" accreditation or if it loses accreditation.

(Contd. to Page 21)

# സ്ഥലംമാററം: 64-ാം വകുപ്പ് പാലിക്കാൻ എസ്.എൻ. ട്രസ്ററിന് ഹൈക്കോടതി നിർദ്ദേശം

കേരള, കോഴിക്കോട് സർവ്വകലാശാലകൾക്ക് കീഴിലുള്ള എസ്. എൻ. കോളേജുകളിലെ അധ്യാപകരുടെ താത്കാലിക സീനിയോറിററി ലിസ്ററിൻമേലുള്ള പരാതികൾ കേട്ട് അതിന് അന്തിമമായ രൂപം നൽകിയശേഷമേ സ്ഥലം മാററങ്ങൾ നടത്താവൂ എന്ന് ജസ്ററിസ് ശിവരാമൻ നായർ എസ്. എൻ ട്രസ്ററിനോട് ഉത്തരവായി. എസ്. എൻ. കോളേജുകളിൽ ഈയ്യിടെ നടത്തപ്പെട്ട അന്യായ സ്ഥലംമാററങ്ങളെ ചോദ്യംചെയ്തുകൊണ്ട് എ കെ. പി.സി. ടി.എ. ആലപ്പുഴ ജില്ലാ സെക്രട്ടറി കെ. ശശിധരൻ, ചേർത്തല എസ്. എൻ. കോളേജ് എ. കെ. പി, സി. ടി. എ. ബ്രാഞ്ച് സെക്രട്ടറി പി. എസ്. ഫിറോസ്, ചെമ്പഴന്തി എസ്. എൻ. കോളേജിലെ പ്രൊഫ. എൽ. ജി. വർഗീസ്, നങ്ങ്യാർകുളങ്ങര എസ്. എൻ. കോളേജിലെ പ്രൊഫ: ഗോമതി അമ്മ എന്നിവർ സമർപ്പിച്ച ഹർജിയിൻമേൽ തീർപ്പാക്കിക്കൊണ്ടാണ് ഹൈക്കോടതിയിൽ നിന്നും ഈ സുപ്രധാന വിധിയുണ്ടായത്.

കോടതിയുടെ ഈ വിധി പകർപ്പ് കിട്ടി ഒരു മാസത്തിനകം അധ്യാപകരുടെ സീനിയോറിററി ലിസ്ററിന് അവസാന രൂപം നൽകുകയും അധ്യാപകരിൽനിന്ന് 'ഓപ്ഷൻ' വാങ്ങുകയും വേണം. അതിനുശേഷം ഒരു മാസത്തിനകം ഓപ്ഷനുകൾ അനുസരിച്ചുള്ള സ്ഥലം മാററക്കാര്യങ്ങളും തീരുമാനിക്കണം. നേരത്തെ എൻ.എസ്.എസ്. കോളേജധ്യാപകരുടെ സ്ഥലംമാററ പ്രശ്നം സംബന്ധിച്ച കേസിലും ഹൈക്കോടതി സമാനമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹൈക്കോടതി വിധിയുടെ പ്രസക്തഭാഗം താഴെ കൊടുക്കുന്നു.

4. Section 64 provided a time-frame within which its provision shall be implemented including the finalisation of the common seniority list, exercise of option by the teachers and their allotment on a consideration of such options. Appeals against any entry in the seniority list or against the order of allotment are to be filled within thirty days from the date of Communication of the list or the order of allotment.

5. It is evident from para 4 of the original petition that the 4th respondet (S. N Trust) has published a seniority list on 31-1-'88. That may perhaps be a provisjonal list inviting objections and may have to be finalised on a consideration of such objections. Even then, it is more than five months since the list was published, and it should have been possible for the 4th respondent to finalise the list and consider the options of the teachers. In O. P. 5394/87, I had directed the corporate management of N. S. S. Colleges to prepare a seniority list, circulate the same, obtain options and allot teachers to the colleges affiliated to different Universities within a period of three months. I am of the opinion that the petitioners are entitled to a similar direction in this original petition as well.

The original petition is therefore disposed of with a direction that the fourth respondent shall finalise the seniority list of teachers of Colleges owned by it and affiliated to different Universities of the State in compliance with 2 S.64(1) of the Kerala and Calicut University Acts (which Correspondents to S. 68 of the Gandhiji Univesity Act) within a period of one month from the date of receipt of copy of this judgement inviting options of the teachers. Such option shall be considered and allotment of teachers shall be finalised within a further period of one month thereafter.

23rd June, 1988.

# Before the fifth Kerala Pay
# the all Kerala

**Introduction**

The Education Commission 1964-66 observed "Of all the different factors which influence the quality of education and its contribution to national development, the quality, competence and character of teachers are undoubtedly the most significant. Nothing is more important than securing a sufficient supply of high quality recruits to the teaching profession. (3.01)

"A Programme of high priority in the proposed educational reconstruction, therefore, is to feed back a significant proportion of talented men and women from schools and colleges into the educational system. For this purpose, it is necessary to make an intensive and continous effort to raise the economic, social and professional status of teachers inorder to attract youngmen and women of ability to the profession and retain them in it as dedicated, enthusiastic and contented workers..." ...There can however, be no doubt that the provision of adequate remuneration, opportunities etc. for professional advancement and favourable conditions of service and work are the major programmes which will help to initiate and maintain this feed back process".

The Sen Committee on revision of Pay scales etc. of teachers in Universities and Colleges also shared the opinion of the Education Commission. In the light of the recommendations made by the Sen Committee and the University Grants Commission, the Government of India, in 1974 determined the third U. G. C. Scales of pay for Universities and affiliated colleges. The recommendations of the Sen Committee relating to the revision of Pay scales for teachers in Universities and Colleges w e. f. 1.4.1971 were based on the universally accepted thinking among the academics. The Government of India, though after much pressure and persuation, ordered for the implementation of the third U. G. C. Scales of pay w. e f. 1-1-1973. All the State Governments except Kerala accepted and implemented it. Unfortunately the date of implementation was not uniform. It varied from 1-1-1973 to 1-1-1978.

**1973 U G. C. Scales:** Ever since the acceptance of the Sen Committee Report by the U G. C, the College teachers in Kerala have been demanding its implementation in the state. At the time of the 1973 state pay revision. the A K P C T A submitted a memorandum to the State Government requesting (a) the delinking of college teachers from the State pay structure and (b) the implementation of the third U. G. C Pay scales w. e. f. 1-1-1973. To press the demand the A K P C T A resorted to different forms of agitations The teachers enmasse responded to the call for the one day all India token strike on 8th of October 1974. Further they staged a series of Demonstrations and Dharnas infront of the Secretariat. The then State Government adopted a negative stand. This led to the examination boycott call given by

# Commission - Memorandum Submitted by Private College Teachers' Association

the Joint Action Council of College Teachers in April-May 1975. The Government convened a conference and agreed to re-examine its earlier stand. Frustrated at the unrelenting attitude of the State Government the College teachers launched an indefinite strike on 4th February 1981. This struggle was called off on the 25th day in response to the request of the State Government. The State Government for the first time accepted the U. G. C. Scales in principle It promised to explore the possibility of getting the period of 80% grant from the Central Government extended so as to implement the scheme. Since this did not materialise the Government sanctioned non-cadre Grade I Professorship on completion of 20 years of service. In this respect we regret to note that the promise of abolishing junior lecturership was not honoured.

We may add that the development of higher education is vital both for the modernisation of the country and for the development especially economic development. If higher education is to play its expected role the crucial importance of the teacher is to be recognised. The cream of the society is to be attracted to this field. This of course, necessitates attractive emoluments and justiciable service conditions

It was with this end in view the Sen Committee recommended for college teachers, a salary scale at par with that of Class I Officers of the Government. Unfortunately Kerala did not implement the same. It still remains an island in the vast country of ours. As a result the teachers in the state are discriminated against their counter-parts in the rest of the nation. Needless to point out that this has resulted in the drain of talents from the field of higher education in the state Those who remain, naturally are very much discontended and annoyed.

In this context we wish to point out that college teachers in Kerala today enjoy the benefit of being in a time scale. The sanctioning of non-cadre professorship on the basis of length of service, to a certain extend, has reduced their heart burn. Today a teacher who join service at the lowest cadre (Junior Lecturer) at a starting of Rs. 975 (975-1720) can go up to professor Gr. I (non-cadre) (1950-2950) on completion of 20 years of service. However inspite of three state pay revisions the 1973 U. G. C pay scales remain attractive. The total pay packet a teacher takes home under the latter is much more than the former.

### IV U. G. C. Scales

On 24th December 1983 the University Grants Commission appointed a commission under the Chairmanship of Professor R. C. Mehrotra to study and formulate recommendations on revisioo of pay and conditions of service for the university and college teachers. The committee submitted its report on 21-5-1986. This commission has accepted the following

recommendation of the National Commission on Teachers II. "Class I Civil Service, Medicine and Engineering, in that order received the first two choices by almost all of the College and University students. University teaching was chosen by one fifth of students hailing from the Universities and only by about 12 per cent of college students It may also be noted that one-fourth of college students and one-fifth of University students give university teaching as their last two choices; a high percentage of both have ranked college teaching the lowest.

This vividly shows that the teaching profession has lost its attraction for the brightest and the best of our youth and the time has come to reverse the trend." (6.1.2)

The Mehrotra Committee recommended, "The pay scales of teachers should be such that the best talent available may be attracted and retained in the profession. There should be parity with the pay scales of the Indian Administrative Service or atleast with organised Central Service Group (A). The revised pay scales should ensure complete neutralisation of the rise in the cost of living index upto the date of revision." Regarding the promotional prospects of college teachers the committee recommended.

"In the new scheme proposed by the committee, provision has been made for two stages of promotion......

The nation in its plan for rapid development is relying heavily on education as an instrument of change. For the above objective to be fulfilled it is imperative that all our efforts should be made to attract the best talent to the teaching profession and to retain it by provision of adequate facilities for professional and career development...the maximum salary scale of Reader/Lecturer (Selection Grade) would be 75 percent of the maximum of the salary scale of Professor. (The National Commission on Teachers II had also made a similar recommendation).

It is only pertinent to point out that the bulk of the teaching in under graduate, Post Graduate and Research work is being done in colleges. According to the Report of the University Grants Commission (1983-84) 84 percent of under graduate and 58 8 percent of Post-Graduate teaching is done at college level. In the field of research also the contribution of the affiliated colleges is significant (14.1 percent). This is to be viewed in the background, that many of the colleges are situated in backward or underdeveloped areas of the country A substantial part of the development of human resources is undertaken by the colleges. Taking into consideration the above facts the Mehrotra Committee recommended "it woulb be desirable to provide for posts at higher levels so that more qualified teachers could be attracted to Colleges also".

The recommendations of the Mehrotra Committee regarding the revision of pay scales were broadly accepted by the U.G.C and on its recommendation the Government of India issued orders accepting the following scales of pay for College teachers.

| | Existing | Revised |
|---|---|---|
| 1. Lecturer : | 700-1600 | 2200-75-2800-100-4000 |
| 2. Lecturer (Sr Grade) Not existing | | 3000-100-3500-125-5000 |
| 3. Lecturer (Selection grade) / Reader : | 1200-1900 | 3700-125-4700-150-5700. |

The Mehrotra Committee remarked that the recommendations of the Sen Committee were not implemented simultaneously and as a result the expected results were not achieved in full. Therefore it strongly recommended. "The Central Government should meet the additional expenditure on revision of scales of pay of teachers on 100 percent basis for five years so that all State Governments implement these scales uniformly from the stipulated date."

This recommendation of the Committee regarding the uniform and simultaneous implementation of the 4th U. G. C. scales and cent percent financial assistance to the States for achieving the above object was not accepted by the Central Government. It continued to maintain that only 80 percent of the additional expenses will be met by the Centre.

Further the Mehrotra Committee's recommendation regarding the proliferation of pay scales was irrational. The University Education Commission (Dr. Radhakrishnan Commission) strongly recommended that the multiplicity of scales of pay which existed in the Universities and Colleges should be reduced to the minimum. The Education Commission and the Sen Committee were too of the same opinion. It was on this basis the Sen Committee recommended a uniform running grade for all teachers in universities and colleges (700-1600). The Sen Committee also kept the number of cadres to three - Lecturer - Reader - Professor.

But the Mehrotra Committee, though accepted the recommendations of the earlier Commission in fact recommended for the proliferation of scales from 3 to 6. Further it also imposed for unrealistic and irrational and unscientific conditions for the promotion of teachers from one cadre to another.

It was for the withdrawal of all conditions and for the uniform and simultaneous implementation of the 4th U.G.C. scales all over India with effect from 1-1-1986 and for 100 percent financial assistance to the States the two lakh thirty thousand teachers resorted to a nation wide indefinite strike from the 4th of August 1987. The Strike was called off on 4th September 1987 after an agreement was reached with the Government of India.

As per the agreement the Central Government agreed to introduce the post of Reader in Colleges. Further the period of service prescribed for promotion to the post of Reader was reduced to 16 years from 20 years. So also the number of cadres was reduced and many a concessions were granted on conditions.

Since the calling off the strike on 4th September 1987 three state Governments have issued orders regarding the implement tion of the 4th U. G. C. scales. They are Goa, Punjab and Haryana. It is reliably learned that at least ten State Governments including the neighbouring States of Tamil Nadu, Andhra Pradesh and Karnataka have already initiated steps for the implementation of the scales. The Government of Kerala supported the cause of the All India strike and has requested the Government of India for 100 percent financial assistance for the implementation of the scales. Of course the Government of India has not yet accepted the proposal. It stil maintains that only 80 percent financial assistance will be met by the Centre.

In this respect we wish to bring to your attention the fact that it will be unfair if the benefit of the U. G. C. scales are denied to the College teachers in Kerala. Hence we strongly demand that the Commission recommend to the Government

(a) to delink college teachers from the State Pay structure and

(b) to implement the U. G. C. scales of pay with effect from 1-1-1986.

Moreover even at 80 percent Central assistance it will be beneficial for the State to implement the U. G. C. scales in the State.

**Need for Revision:**

